# നോമ്പുകാലം
## വചന വിചിന്തനം
### നോമ്പുകാലം : മൂന്നാം ഞായർ
**മത്താ 20,17–28**

"നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ
നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ
നിങ്ങളുടെ ദാസനുമായിരിക്കണം."
(മത്താ 20,27)

*"സെബദിപുത്രൻമാരുടെ ചിന്ത,
"പന്ത്രണ്ട് അപ്പസ്തോലൻമാർ" എന്നല്ല.
മറിച്ച്, "പത്ത്+രണ്ട്" അപ്പസ്തോലൻമാർ എന്നാണ്.
തങ്ങളാകുന്ന രണ്ട് അപ്പസ്തോലൻമാരുടെ കീഴിൽ
പത്ത് അപ്പസ്തോലൻമാർ.
ക്രിസ്തു ഇതിനെ ശക്തമായി എതിർക്കുന്നു!!!"*

"അവർ അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യും. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും..." സഹനങ്ങൾ എല്ലായ്പ്പോഴും ക്ഷണികമാണ്.

സെബദിപുത്രൻമാരുടെ ചിന്ത, "പന്ത്ര് അപ്പസ്തോലൻമാർ" എന്നല്ല. മറിച്ച്, "പത്ത്+രണ്ട്" അപ്പസ്തോലൻമാർ എന്നാണ്. തങ്ങളാകുന്ന രണ്ട് അപ്പസ്തോലൻമാരുടെ കീഴിൽ പത്ത് അപ്പസ്തോലൻമാർ. ക്രിസ്തു ഇതിനെ ശക്തമായി എതിർക്കുന്നു! തുടർന്ന്, ക്രിസ്തുവിന്റെ നേതൃത്വശൈലിയുടെ അടിസ്ഥാനശില കൂട്ടിച്ചേർക്കുന്നു.

"ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം!"

ചുരുക്കത്തിൽ ക്രിസ്തുവിന്റെ നേതൃത്വശൈലി എന്താണ്, ക്രിസ്തു വിവക്ഷിക്കുന്ന നേതാവ് ആരായിരിക്കണം എന്നാണ് തന്റെ വിവിധ ഇടങ്ങളിലെ സഭയുടെ നേതാക്കൻമാരാകാൻ തിരഞ്ഞെടുത്തിരിക്കുന്നവരെ മുമ്പിൽ നിർത്തി കിസ്തു പ്രഖ്യാപിക്കുന്നത്. ക്രിസ്തു തന്റെ സഭയുടെ നേതൃത്വശൈലി വ്യാഖ്യാനിക്കുമ്പോൾ പ്രഖ്യാപിക്കുന്നത് അധികാരം ശുശ്രൂഷ ചെയ്യുവാനുള്ളതാണ് എന്ന് മാത്രമാണ് പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്. അധികാരം അടിച്ചമർത്താനുള്ള മാധ്യമമാണ് എന്ന് വ്യാഖ്യാനിക്കുന്ന ഈ ലോകത്ത് അധികാരം ശുശ്രൂഷ ചെയ്യുവാനുള്ളതാണ് എന്നുള്ള പഠനത്തിന് വലിയ വിലയുണ്ട്.

രണ്ടായിരത്തിൽപരം വർഷങ്ങളായി നിലനിൽക്കുന്ന വചനം, ഒരുപാട് ഇടങ്ങളിൽ ഒരുപാട് പ്രാവശ്യം ധ്യാനിക്കുകയും വിചിന്തനം നടത്തുകയും ചെയ്ത വചനം, "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം!" എന്നിട്ടും ഈ വചനത്തിന്റെ ആന്തരാർത്ഥങ്ങൾ തിരിച്ചറിയാനോ, തിരിച്ചറിഞ്ഞ വ്യഖ്യാനങ്ങൾക്കനുസരിച്ച് ജീവിതശൈലി രൂപപ്പെടുത്തിയെടുക്കാനെ നമുക്ക് സാധിച്ചിട്ടില്ല. കാരണം, ക്രിസ്തുവിന്റെ

വചനങ്ങൾ കേൾക്കാൻ നല്ല സുഖമാണ്. പക്ഷെ, ജീവിതത്തിലിടാൻ വളരെ ക്ലേശകരവും. ക്രിസ്തുവിന്റെ വചനങ്ങൾ സുഖിപ്പിക്കുന്ന വചനങ്ങളല്ല. മറിച്ച്, ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും സന്ധിബന്ധങ്ങളിലും ആത്മാവിലും തുളച്ച് കയറി ഹൃദയവികാരവിചാരങ്ങളെ വ്യാഖ്യാനിച്ചെടുക്കുന്നതുമാണ്.

സുഖിപ്പിക്കുന്ന ക്രിസ്തുവചനം സുഖപ്പെടുത്തുന്ന വചനമാക്കി മാറ്റണമെങ്കിൽ അവയെ കാച്ചികുറുക്കി ജീവിതത്തിലിടാൻ സാധിക്കണം. അങ്ങനെയെങ്കിൽ, നോമ്പുക്കാലത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ച, തിരുസഭാമാതാവ് പുത്രനായി അവതരിച്ച ക്രിസ്തുവിന്റെ ജീവിതത്തെ മുന്നിൽ വച്ച് ചോദിക്കുന്ന ചോദ്യം, "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമായി മനുഷ്യപുത്രൻ വന്നതുപോലെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ സഹോദരങ്ങളുടെ ശുശ്രൂഷകരായിരിക്കാനും, ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ കൂടപിറപ്പുകളുടെ ദാസനുമായിരിക്കാനും സാധിക്കുമോ?" സാധിക്കുന്നവർക്ക് കർത്താവിന്റെ ഇടവും വലവും ഉറപ്പ് തരാൻ സാധിച്ചില്ലേലും സ്വർഗ്ഗം സ്വന്തമാക്കാൻ സാധിക്കും.

"സെബദീ പുത്രൻമാരുടെ മാതാവ് അവന്റെ മുമ്പിൽ യാചനാപൂർവം പ്രണമിച്ചു. അവൻ അവളോടു ചോദിച്ചു: നിനക്ക് എന്താണു വേണ്ടത്?" കർത്താവിനെ പ്രണമിക്കുന്നവരുടെ അടുത്ത് അവൻ ഇന്നും ഈ ചോദ്യങ്ങൾ ആവർത്തിക്കുന്നു!

2016 ആഗസ്റ്റ് മാസം 5-ാം തിയ്യതി പത്രമാധ്യമങ്ങളിലും സോഷ്യൽ മീഡിയാകളിലും വന്ന ഒരു വാർത്തയുണ്ട്, "കടംകേറി മാല വിൽക്കാൻ ചെന്ന അമ്മയേയും മക്കളേയും അത്ഭുതപ്പെടുത്തി ജ്വല്ലറിയുടമ... നല്ല മനസ്സാണ് പൊന്നിനേക്കാൾ വിലയുള്ളതെന്നു തെളിയിച്ച കച്ചവടക്കാരൻ..." ഇങ്ങനെയായിരുന്ന വാർത്തകളുടെ തലക്കെട്ട്. ഈ വാർത്തയുടെ ഫോട്ടോയും വീഡിയോയും സഹിതം പലദിവസങ്ങളോളം സോഷ്യൽ മീഡിയായിൽ നിറഞ്ഞു നിന്നു. വാർത്തയുടെ ഇതിവൃത്തം ഇപ്രകാരം;

കടക്കെണിയിൽപ്പെട്ട് പണം കണ്ടെത്താൻ ആകെയുണ്ടായിരുന്ന മാല വിൽക്കാൻ സമീപിച്ച അമ്മയേയും രണ്ട് മക്കളേയും ഞെട്ടിച്ച ജ്വല്ലറിയുടമയുടെ ഹൃദയസ്പർശ വീഡിയോ ഓൺലൈൻ ലോകത്തിന്റെ മനംകവരുന്നു. അമേരിക്കയിലെ ഡല്ലാസിൽ സ്ഥിരതാമസമാക്കിയ സിറിയക്കാരനാണ് ജ്വല്ലറിയുടമ. ജീവിതത്തിൽ ചിലർക്ക് ചില സമ്മാനങ്ങളോടുള്ള ബന്ധം അതി തീവ്രമാണ്. അത് വിൽക്കേണ്ടി വന്നാലോ. ഹൃദയം നുറുങ്ങുന്ന വേദന തന്നെ ഉത്തരം. അമേരിക്കയിലെ അറബ് അനുകൂല ഫെയ്സ്ബുക്ക് പേജിൽ ജൂലൈ 17ന് പോസ്റ്റ് ചെയ്ത വീഡിയോ ഇതുവരെ ഒരു കോടിയോളം ആളുകൾ കണ്ടു. 3 ലക്ഷം പേർ തങ്ങളുടെ ഫെയ്സ്ബുക്ക് ടൈംലൈനിൽ പങ്കുവെക്കുകയും ചെയ്തു.

കടംവീട്ടാനുള്ള പണം കണ്ടെത്താൻ അമേരിക്കൻ യുവതിയും മക്കളും ജ്വല്ലറിയിലേക്ക് കടന്നുവരുന്നതാണ് വീഡിയോയിൽ. എന്തിനാണ് മാല വിൽക്കുന്നതെന്ന് ജ്വല്ലറിയുടമ യുവതിയോട് ചോദിക്കുന്നു. പാപ്പരായെന്നും കയ്യിൽ പണമൊന്നുമില്ലെന്നുമായിരുന്നു യുവതിയുടെ മറുപടി. മാല പരിശോധിച്ച ശേഷം പാപ്പരായ ഒറ്റ കാരണം കൊണ്ടാണോ മാല വിൽക്കുന്നതെന്ന് വീണ്ടും ജ്വല്ലറിയുടമ ചോദിക്കുന്നു. തന്റെ അമ്മ തന്നതാണ് മാലയെന്നും വേറെ വഴിയില്ലാത്തതിനാലാണ് വിൽക്കാൻ വന്നതെന്നുമാണ് യുവതിയുടെ പ്രതികരണം. ഇതു കേൾക്കുന്ന അയ്യാൾ ആവശ്യത്തിന് പണം നൽകി ആ കുടുംബത്തെ യാത്രയാക്കുന്നു. ആ പൊന്നിന് അയാൾക്ക് വിലയിടാനായില്ല. അയാളുടെ മനസ്സാകട്ടെ തനി തങ്കവും. പത്തരമാറ്റ് തങ്കം. നിറകണ്ണുകളോടെയാണ് ആ കുടുംബം

മടങ്ങുന്നത്.

മാലയുടെ പണവും മാലയും യുവതിയ്ക്ക് ജ്വല്ലറിയുടമ തിരികെ നൽകുന്നതാണ് പിന്നീടുള്ള കാഴ്ച്ച.

"നിങ്ങൾ പറഞ്ഞില്ലെ, മാല നിങ്ങൾക്ക് ലഭിച്ച സമ്മാനമാണെന്ന്. അതിനാൽ ഇതു സൂക്ഷിച്ച് വയ്ക്കുക" എന്നുള്ള ഓർമ്മപ്പെടുത്തലും. ഇത്രയും പറഞ്ഞ് ഒരു കഷണം പേപ്പറെടുത്ത് സ്വന്തം നമ്പർ എഴുതി യുവതിക്ക് നൽകി ഇങ്ങനെ പറഞ്ഞു;

"എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിക്കണം." തുടർന്ന് ആ ജ്വല്ലറിയുടമ മാല വിൽക്കാൻ വന്ന യുവതിയുടെ മകനോട് ഓർമ്മപ്പെടുത്തുന്നതുകൂടി കേട്ടാൽ കണ്ണുനിറഞ്ഞ് പോകും; "നിന്റെ അമ്മയെ നന്നായി നോക്കണം." ആധുനികകാലത്തെ നല്ല സമരിയാക്കാരൻ. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ (ക്രിസ്തു) വന്നിരുന്നതു പോലെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം എന്ന് തിരുസഭാമാതാവ് ഓർമ്മപ്പെടുത്തുമ്പോൾ ഇതിനേക്കാൽ നല്ല മാതൃകയില്ല പങ്കുവയ്ക്കാൻ. വെട്ടിപിടിച്ചതെന്നും നേടിയെടുത്തതെന്നും നാം കാണുന്നവ... അഹംങ്കരിക്കുന്നവ... ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയാൻ സാധിക്കണം. അങ്ങനെയുള്ളവർക്ക് മനസ്സിലാകുന്ന അനുഗ്രഹമാണ്, "അധികാരം ശുശ്രൂഷ ചെയ്യാനുള്ളതാണ്" എന്നുള്ള തിരിച്ചറിവ്.

"യേശു അവരോട് ചോദിച്ചു: ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്കു കഴിയുമോ? അവർ പറഞ്ഞു: ഞങ്ങൾക്കു കഴിയും." സൗഭാഗ്യങ്ങൾ നേടിയെടുക്കാൻ എന്ത് കഷ്ടപാടും സഹിക്കാൻ തയ്യാറാകുന്ന സഹോദരങ്ങൾ!

അമ്മയുടെ റെക്കമെന്റേഷനും സ്വന്തമാക്കി, വലിയ സ്ഥാനങ്ങൾ ആഗ്രഹിച്ച് കർത്താവിന്റെ മുമ്പിൽ നിൽക്കുന്ന സെബദിപുത്രൻമാരോടും തന്റെ മറ്റു പത്ത് അപ്പസ്തോലൻമാരോടും കർത്താവിന് പറയാനുള്ളത് ഒന്നുമാത്രമാണ്. ഇതുതന്നെയാണ്, അധികാരം അഭിനിവേശമാക്കി വ്യാപരിക്കാൻ ആഗ്രഹിക്കുന്നവരോടും കർത്താവിന് പറയാനുള്ളത്. "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽയജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. മറിച്ച്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം!"

ഓർക്കുക, മദർതെരേസയെ അനേകലക്ഷങ്ങൾ ഇന്നും ഓർക്കുന്നത്, അധികാരം അടക്കിവാണിരുന്നതുകൊണ്ടല്ല. മറിച്ച്, ശുശ്രൂഷയെന്തെന്ന് പുതിയ ലോകത്തിന് പഠിപ്പിച്ച് കൊടുത്തതുകൊണ്ട് മാത്രമാണ്!

നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്തഫലവും നൽകുന്നു.
നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും.
മത്താ 7,17

ഫാ. ജോബി മേനോത്ത്
+91 944 7777 931